**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

# വിശുദ്ധ മോനിക്ക (332-387)



ക്രൈസ്തവവിശ്വാസിയായ ഒരു അമ്മ എങ്ങനെയായിരിക്കണം എന്നതിനു ഉത്തമമാതൃകയാണ് വി.മോനിക്ക. വിശുദ്ധനായ അഗസ്റ്റിന്റെ അമ്മയായ മോനിക്കയുടെ ജീവിതകഥ എല്ലാ മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ടതുമാണ്. ആഫ്രിക്കയിലെ കാർത്തേജിൽ ജനിച്ച മോനിക്ക ഒരു ക്രൈസ്തവവിശ്വാസി ആയിരുന്നു. എന്നാൽ അവൾ വിവാഹം കഴിച്ച പാട്രീഷ്യസ് എന്ന മനുഷ്യൻ വിജാതീയനായിരുന്നു. അഗസ്റ്റിനെ കൂടാതെ നവീജിയസ് എന്നൊരു മകനും ഈ ദമ്പതികൾക്കുണ്ടായിരുന്നു. പാട്രീഷ്യസ് ക്രൂരനായ ഭർത്താവായിരുന്നു. നിസ്സാരകാര്യങ്ങൾക്കുപോലും അയാൾ മോനിക്കയോട് തട്ടിക്കയറി. എപ്പോഴും അവളെ വഴക്കു പറഞ്ഞു. ചിലപ്പോൾ മർദ്ദിച്ചു. എന്നാൽ മോനിക്ക അനുസരണയുള്ള ഒരു ഭാര്യയായി പെരുമാറി. ഒരിക്കൽ പോലും ഭർത്താവിനോട് മറുത്തൊരു വാക്കുപറയാൻ അവൾ ശ്രമിച്ചില്ല. തന്റെ ഭർത്താവിനെ അവൾ ഏറെ സ്നേഹിച്ചിരുന്നു. അയാളെ ക്രൈസ്തവവിശ്വാസത്തിലേക്ക് കൊണ്ടുവരാൻ അവൾ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ മരണത്തിനു തൊട്ടുമുൻപു വരെ അയാൾ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു. എന്നാൽ മരണക്കിടക്കയിൽ വച്ച് അയാൾ മോനിക്കയുടെ ദൈവത്തിന്റെ ശക്തി തിരിച്ചറിഞ്ഞു. ജ്ഞാനസ്നാനം സ്വീകരിച്ച് അയാൾ യേശുവിന്റെ അനുയായി ആയി മാറി.

ഭർത്താവിനെ യേശുവിന്റെ വഴിയേ കൊണ്ടുവന്നെങ്കിലും മകനെ യേശുവിലേക്ക് അടുപ്പിക്കാൻ മോനിക്കയ്ക്ക് അപ്പോഴും സാധിച്ചിരുന്നില്ല. അക്കാലത്ത് ആഫ്രിക്കയിൽ ഏറെ പ്രചാരത്തിലിരുന്ന മാണിക്കേയ മതത്തിന്റെ പ്രചാരകനായിരുന്നു അഗസ്റ്റിൻ. ഇന്ത്യയടക്കം പല രാജ്യങ്ങളിലും അന്ന് മാണിക്കേയ മതം വ്യാപകമായി പ്രചരിച്ചിരുന്നു. ബാബിലോണിനു സമീപമുള്ള മർദീനു എന്ന സ്ഥലത്ത് ജനിച്ച മാണി എന്ന വ്യക്തിയാണ് മാണിക്കേയ മതത്തിന്റെ സ്ഥാപകൻ. താൻ ക്രിസ്തുവിന്റെ പിന്തുടർച്ചക്കാരനാണെന്നാണ് മാണി സ്വയം വിശേഷിപ്പിച്ചിരുന്നത്. തന്റെ മകൻ വഴിതെറ്റി പോകുന്നുവെന്ന് കണ്ട് ഏറെ ദു:ഖിതയായിരുന്നു മോനിക്ക. അവർ എപ്പോഴും കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അമ്മയുടെ സമ്മർദ്ദം സഹിക്കവയ്യാതായപ്പോൾ ഒരിക്കൽ അവൻ ഒളിച്ച് സ്ഥലം വിടുകപോലും ചെയ്തു. മോനിക്ക പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ വിശുദ്ധ

ആംബ്രോസിന്റെ പ്രസംഗം അഗസ്റ്റിൻ കേൾക്കാനിടയായി. ഒടുവിൽ ഒരു ഉയിർപ്പുതിരുനാൾ ദിവസം അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. വി. ആംബ്രോസിന്റെ ഉപദേശപ്രകാരമാണ് മോനിക്ക ജീവിച്ചിരുന്നത്. മരണംവരെയും ഒരു നിമിഷം പോലും അവൾ പ്രാർത്ഥിക്കാതിരുന്നിട്ടില്ല. മറ്റൊന്നിലും മോനിക്ക തന്റെ മനസ്സ് അർപ്പിച്ചിരുന്നില്ല. മരണസമയത്ത് മോനിക്ക മക്കളെ അടുത്തുവിളിച്ചു. എന്റെ ശരീരം എവിടെ വേണമെങ്കിലും ഉപേക്ഷിച്ചുകൊള്ളുക. പക്ഷേ ഒരു കാര്യം എനിക്കുവേണ്ടി ചെയ്യണം. എന്നും ബലിപീഠത്തിൽ എന്നെ സ്മരിക്കണം. 56-ാം വയസ്സിൽ രോഗബാധിതയായ മോനിക്ക ഒൻപതു ദിവസത്തെ സഹനങ്ങൾക്കു ശേഷം മരിച്ചു.

വിശുദ്ധ മോനിക്ക, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ…